# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 681** **04-02-2020-ൽ മറുപടിക്ക്**

## വിനോദസഞ്ചാരികളുടെ സുരക്ഷ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എസ്.ശർമ്മ<br>,, കെ. ആൻസലൻ<br>ശ്രീമതി യു. പ്രതിഭ<br>ശ്രീ. ഒ.ആർ. കേളു | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്തുന്ന വിനോദസഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും ഈ മേഖലയിലുണ്ടാകുന്ന കുറ്റകൃത്യങ്ങൾ തടയുന്നതിനും സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ), (ബി), & (സി) | സംസ്ഥാനം സന്ദർശിക്കുന്ന വിനോദ സഞ്ചാരികൾക്ക് വേണ്ട സുരക്ഷയും സംരക്ഷണവും അതീവ പ്രാധാന്യത്തോടെ കണക്കാക്കി ആവശ്യമായ നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ടൂറിസം കേന്ദ്രങ്ങളിലെ സുരക്ഷ വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ കച്ചവടക്കാർ, ഗൈഡുകൾ എന്നിവർക്ക് തിരിച്ചറിയൽ രേഖകൾ, യൂണിഫോം മുതലായവ നിർബന്ധമാക്കുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്. ടൂറിസ്റ്റുകളുടെ സംരക്ഷ ണത്തിനായി ടൂറിസം പോലീസിന്റെ സേവനം വിവിധ ടൂറിസം കേന്ദ്രങ്ങളിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇതിനായി നിലവിൽ 150 സിവിൽ പോലീസ് ഓഫീസർമാരും 30 സീനിയർ സിവിൽ പോലീസ് ഓഫീസർമാരും പ്രവർത്തിച്ചുവരുന്നു.<br>വിനോദ സഞ്ചാര മേഖലയിലെ സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ സിസിടിവി ക്യാമറ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി പുരോഗമിച്ചു |
| (ബി) | ഇതിന്റെ ഭാഗമായി ഉന്നതതല കർമ്മസേനയ്ക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | | |
| (സി) | വിനോദ സഞ്ചാര മേഖലയുമായി ബന്ധപ്പെട്ട് സംഭവിക്കുന്ന ഒറ്റപ്പെട്ട കുറ്റകൃത്യങ്ങളും അപകടങ്ങളും പോലും അന്താരാഷ്ട്ര ശ്രദ്ധ ആകർഷിക്കുമെന്നതിനാൽ ഇക്കാര്യത്തിൽ കൂടുതൽ ജാഗ്രത | | |

| | | | |
|---|---|---|---|
| | പുലർത്തുന്നതിനും ടൂറിസം പോലീസിനെ ശാക്തീകരിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | | വരുന്നു. കോവളം, വേളി എന്നീ ടൂറിസം കേന്ദ്രങ്ങളിൽ ആധുനിക നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചു കഴിഞ്ഞു. അന്താരാഷ്ട്ര വിനോദ സഞ്ചാര കേന്ദ്രമായ കോവളം ബീച്ചിൽ അപകട മുന്നറിയിപ്പ് നൽകുന്ന അലാറം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.<br>അപകടസാധ്യതയുള്ള സാഹചര്യങ്ങളെ ക്കുറിച്ച് സഞ്ചാരികളെ ബോധവൽക്കരിക്കുന്നതിന് നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളുടെയും പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകൾക്ക് പ്രത്യേക നിരീക്ഷണത്തിന് പോലീസ് വകുപ്പ് വഴി നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ പ്രധാനപ്പെട്ട ബീച്ചുകളിൽ ടൂറിസ്റ്റുകളുടെ സംരക്ഷണം മുൻ നിർത്തി പ്രാവീണ്യമുള്ള ലൈഫ് ഗാർഡുകളുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. അപകട സാധ്യത സൂചിപ്പിച്ചുകൊണ്ടുള്ള മുന്നറിയിപ്പ് ബോർഡുകളും അറിയിപ്പുകളും പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. സഞ്ചാരികൾക്ക് കായൽ യാത്ര സുരക്ഷിതമാക്കുന്നതിന്റെ ഭാഗമായി ആലപ്പുഴ മേഖലയിൽ ഹൗസ് ബോട്ടുകൾക്ക് ഹൗസ് ബോട്ട് ട്രാക്കിംഗ് സിസ്റ്റം സംവിധാനം കെൽട്രോൺ മുഖേന വകുപ്പ് ഏർപ്പെടുത്തി യിട്ടുണ്ട്. വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള നൂതന കർമ്മ പരിപാടിയായ ഗ്രീൻ കാർപ്പെറ്റ് പദ്ധതിയിലൊരു പ്രധാന ഇനം സഞ്ചാരികളുടെ സുരക്ഷിതത്വമാണ്. |

| | | | |
|---|---|---|---|
| | | | വിനോദസഞ്ചാര മേഖലയിലെ പൊതുവായ ക്രമസമാധാനം , മനുഷ്യക്കടത്ത്, ബാലപീഡനം, മയക്കുമരുന്ന് ഉപയോഗം തുടങ്ങിയവ കാര്യക്ഷമമായി നേരിടുന്നതിന് ആഭ്യന്തരം, എക്സൈസ്, സാമൂഹ്യ നീതി, വിനോദസഞ്ചാരം എന്നീ വകുപ്പുകളിലെ അംഗങ്ങളെ ഉൾപ്പെടുത്തി ഒരു പ്രത്യേക കർമ്മ സേന സംസ്ഥാന തലത്തിൽ രൂപീകരിച്ചിട്ടുണ്ട്. |
| (ഡി) | അനധികൃത ടൂർ ഗൈഡുകളുടെയും ടൂർ ഓപ്പറേറ്റർമാരുടെയും ചൂഷണം തടയുന്നതിന്റെ ഭാഗമായി ടൂർ ഗൈഡുമാർക്ക് വിദഗ്ധ പരിശീലനം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | ടൂറിസം രംഗത്ത് അംഗീകൃത ടൂർ ഗൈഡുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സംസ്ഥാന തലത്തിൽ 49 പേരെയും ജില്ലാതലത്തിൽ 116 പേരെയും തെരഞ്ഞെടുക്കുകയുണ്ടായി. വിവിധ ടൂറിസം കേന്ദ്രങ്ങളിൽ ഇവർ സജീവമായി പ്രവർത്തിച്ചു വരുന്നു. കൂടാതെ നിലവിൽ ഈ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് അവരുടെ ലൈസൻസിന്റെ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് പുനർപരിശീലനവും നൽകി വരുന്നു. |

**സെക്ഷൻ ഓഫീസർ**